**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6473 01.11.2011 -ൽ മറുപടിക്ക്**

**ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച ആരോഗ്യ പരിപാലന സംവിധാനം**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം: | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | ശബരിമല സീസണിൽ ആശുപത്രികളിലും പമ്പ, സന്നിധാനം ആശുപത്രി കളിലും പ്രത്യേകം ഏർപ്പെടുത്തിയിട്ടുള്ള ആരോഗ്യ പലിപാലന സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;; | (എ) | ഈ വർഷത്തെ ശബരിമല തീർത്ഥാടന കാലത്തെ ആരോഗ്യ പരിപാലവുമായി ബന്ധപ്പെട്ട് ഡോക്ടർമാരുൾപ്പെടുന്ന 1200 ജീവനക്കാരെ ടേൺ അടിസ്ഥാനത്തിൽ അപ്പാച്ചിമേട്, സന്നിധാനം, പമ്പ, നീലിമല, നിലക്കൽ, എരുമേലി തുടങ്ങിയ സ്ഥലങ്ങളിലെ ഡിസ്പെൻസറികളിൽ ശബരിമല തീർത്ഥാടന സീസണിൽ മുഴുവനായും നിയമിക്കുന്നതാണ്. തീർത്ഥാടകർക്കായി താഴെപറയുന്ന ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾകൂടി ഏർപ്പെടുത്തുന്നതാണ്. കാർഡിയാക് ഐ.സി.യു കെയർ സെന്ററുകൾ (പല കേന്ദ്രങ്ങളിലായി), ഓപ്പറേഷൻ തീയേറ്റർ സൗകര്യങ്ങൾ, മൊബൈൽ ക്ളിനിക്കുകൾ, ഓക്സിജൻ പാർലറുകൾ, റെഫറൽ ട്രാൻസ്പോർട്ട് സംവിധാനങ്ങൾ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ (എച്ച്1 എൻ 1 പനി, കൊതുകുജന്യരോഗങ്ങൾ, ജലജന്യ രോഗങ്ങൾ മുതലായവ ) കൂടാതെ എല്ലാ ശബരിമല സീസൺ കാലത്തും പത്തനംതിട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ ശുചീകരണ പ്രവർത്തനങ്ങൾക്ക് ആരോഗ്യ വകുപ്പിലെ ഫീൽഡ് സ്റ്റാഫ് നേതൃത്വം നൽകുന്നതാണ്. ശബരിമലയിലെ വിവിധ കേന്ദ്രങ്ങളിൽ സീസൺ തുടങ്ങുന്നതോടെ കാർഡിയോളജി, ജനറൽ മെഡിസിൻ, അനസ്തേഷ്യ, സർജറി, ഓർത്തോപീഡിക്സ് തുടങ്ങിയവയിൽ സ്പെഷ്യലൈസ് ചെയ്ത ഡോക്ടർമാരെ നിയമിക്കുന്നതാണ്. |
| (ബി) | ശബരിമല ക്ഷേത്രം സ്ഥിതിചെയ്യുന്ന പെരുനാട് പഞ്ചായത്തിലെ | (ബി) | റാന്നി പെരിനാട് സി.എച്ച്.സി. യിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം 16.11.2011 മുതൽ ലഭ്യമാക്കുന്നതോടൊപ്പം ആമ്പുലൻസിന്റെ സേവനവും ഏർപ്പെടു |

| | | | |
|---|---|---|---|
| | സി.എച്ച്.സി യിലും റാന്നി താലൂക്കാശുപത്രിയിലും എന്തൊക്കെ പ്രത്യേക സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | | ത്തിയിട്ടുണ്ട്. റാന്നി താലൂക്ക് ആശുപത്രിയിൽ 10 ബെഡ്ഡുകളുള്ള ശബരിമല സ്പെഷ്യൽ വാർഡും, ഐ.സി.യു.വും ക്രമീകരിക്കുന്നതാണ്. ഇപ്പോൾ ടി ആശുപത്രിയിൽ 10 ഡോക്ടർ മാരുടേയും മറ്റ് സ്റ്റാഫുകളുടേയും സേവനം ലഭ്യമാണ്. |
| (സി) | പ്രസ്തുത ആശുപത്രി കളിൽ ഒഴിവുള്ള തസ്തി കകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) | 1) <u>താലൂക്ക് ആശുപത്രി റാന്നി</u><br>2)<br>ജൂനിയർ കൺസൾട്ടന്റ്, മെഡിസിൻ -1<br>ജൂനിയർ കൺസൾട്ടന്റ്, സർജറി _ 1<br>ജൂനിയർ കൺസൾട്ടന്റ്, ഗൈനക്കോളജി -1<br><br>2) <u>സി.എച്ച്.സി. റാന്നി, പെരുനാട്</u><br>അസിസ്റ്റന്റ് സർജൻ - 1 |
| (ഡി) | പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ? | (ഡി) | അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിലവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സ്പെഷ്യാലിറ്റി തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് പി.ജി.ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് ടി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അടിയന്തിരഘട്ടങ്ങളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നു. വിരമിച്ച ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്താനും അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(signature)
സെക്ഷൻ ഓഫീസർ